**പതിനാറാം കേരളനിയമസഭ**

**രണ്ടാം സമ്മേളനം**

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 1558** **16-10-2026-ൽ മറുപടിയ്ക്ക്**

**<u>ടാലന്റ് ഐഡന്റിഫിക്കേഷൻ പ്രോഗ്രാമും കളിക്കള വികസനവും</u>**

**<u>ചോദ്യം ഉന്നയിച്ച അംഗങ്ങൾ</u>** **<u>മറുപടി നൽകിയ മന്ത്രി</u>**

ശ്രീ. പി. മമ്മിക്കുട്ടി

ശ്രീ. ഒ. ജെ. ജനീഷ്
(കായികം, യുവജനകാര്യം, രജിസ്ട്രേഷൻ,
മ്യൂസിയം, പുരാവസ്തു & പുരാരേഖ വകുപ്പ് മന്ത്രി)

**(എ)** ഓരോ ജില്ലയിലും കായിക പ്രതിഭകളെ കണ്ടെത്താനുള്ള ടാലന്റ് ഐഡന്റിഫിക്കേഷൻ പ്രോഗ്രാം നടപ്പാക്കുന്നുണ്ടോ; വിശദമാക്കാമോ;

**<u>മറുപടി:</u>**

ഉണ്ട്, 2026-2027 അധ്യയന വർഷത്തിൽ കായിക-യുവജനകാര്യ ഡയറക്ടറേറ്റിന്റെയും കേരള സംസ്ഥാന സ്പോർട്സ് കൗൺസിലിന്റെയും ആഭിമുഖ്യത്തിൽ ഏകീകൃത പ്രതിഭാനിർണയ പ്രക്രിയ നടപ്പിലാക്കുന്നതിന് സർക്കാർ ഭരണാനുമതി നൽകിയിരുന്നു. ഇരു സ്ഥാപനങ്ങളും വ്യത്യസ്ത മാനദണ്ഡങ്ങളും നടപടിക്രമങ്ങളും പിന്തുടർന്ന് നടത്തിയിരുന്ന പ്രതിഭാനിർണയ പരീക്ഷകൾ ഏകീകരിച്ച് സുതാര്യവും ശാസ്ത്രീയവും ഏകീകൃതവുമായ തിരഞ്ഞെടുപ്പ് സംവിധാനം ഉറപ്പാക്കുകയാണ് ലക്ഷ്യം. ഇതിന്റെ ഭാഗമായി സംസ്ഥാനത്തെ 14 ജില്ലകളിലും സെലക്ഷൻ പ്രക്രിയ നടത്തുകയും, സംസ്ഥാനത്തുടനീളമുള്ള 150- ലധികം പരിശീലന കേന്ദ്രങ്ങളിലൂടെ പ്രതിവർഷം ഏകദേശം 2,500 കായികതാരങ്ങൾക്ക് പ്രയോജനം ലഭിക്കുന്ന ഈ പദ്ധതിയിലൂടെ ഭാവിയിലെ കായികപ്രതിഭകളെ കണ്ടെത്താനും അവർക്ക് ആവശ്യമായ പരിശീലനം, വിദ്യാഭ്യാസം, ഭക്ഷണം, താമസം ഉടങ്ങിയ സൗകര്യങ്ങൾ ലഭ്യമാക്കി മികവുറ്റ കായികതാരങ്ങളായി വളർത്തിയെടുക്കാനും കഴിയും.

**(ബി)** പഞ്ചായത്തിൽ ഒരു കളിക്കളം പദ്ധതിയുടെ ഭാഗമായി സംസ്ഥാനത്ത് എത്ര കളിക്കളങ്ങൾ പൂർത്തീകരിക്കാൻ കഴിഞ്ഞിട്ടുണ്ട്; പ്രസ്തുത പദ്ധതി തുടരാൻ ആലോചിക്കുന്നുണ്ടോ; വ്യക്തമാക്കാമോ?

**<u>മറുപടി:</u>** ഒരു പഞ്ചായത്ത് ഒരു കളിക്കളം പദ്ധതിയുടെ ഭാഗമായി സംസ്ഥാനത്ത് 35 കളിക്കളങ്ങൾ പൂർത്തീകരിക്കാൻ കഴിഞ്ഞിട്ടുണ്ട്. പദ്ധതി തുടരാൻ ആലോചിക്കുന്നുണ്ട് .

**സെക്ഷൻ ഓഫീസർ**